# FIFTH ESTATE



## (നവ) മാധ്യമപഠനങ്ങൾ

എഡിറ്റർ. ഡോ. ജൈനിമോൾ കെ വി

# അകം


മാധ്യമ പഠനം: വിവിധധാരകൾ
ഡോ.ജൈനിമോൾ കെ.വി 11

ജനപ്രിയ സംസ്കാരവും മാധ്യമങ്ങളും
ഡോ.തോമസ് സ്കറിയ 18

വാർത്ത : സ്വരൂപവും സ്വഭാവവും
ഡോ : സ്വപ്ന ആന്റണി 33

ഇ-ജേർണലിസത്തിന്റെ നൂതനലോകം
ഡോ. പ്രിൻസ് മോൻ ജോസ് 47

ആകാശവാണിയും ജനപ്രിയ പരിപാടികളും
ഡോ.ജൈനിമോൾ കെ.വി 51

സ്വകാര്യ എഫ്. എം. റേഡിയോ: റേഡിയോയുടെ രണ്ടാംവരവ്
രമേഷ്.കെ 58

മാധ്യമമലയാളത്തിന്റെ സഞ്ചാരപഥങ്ങൾ
ഡോ.ദീപേഷ് കരിമ്പുങ്കര 68

ടെലിവിഷൻ റിയാലിറ്റിഷോകൾ
ഡോ.(ഫാ.) സുനിൽ ജോസ് 78

ടെലിവിഷൻ പരമ്പരകൾ
ഡോ.സുനിൽ ജോസ് 88

# വാർത്ത : സ്വരൂപവും സ്വഭാവവും

ഡോ : സ്വപ്ന ആന്റണി

സമകാലിക സംഭവങ്ങളെ വസ്തുതാപരമായി വിവരിക്കുന്നതിനെയോ പ്രാദേശികമോ ദേശീയമോ ആയ വിഷയങ്ങളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനെയോ ആണ് സാമാന്യമായി വാർത്ത എന്നു പറയുന്നത്. ഇത് വാമൊഴി, അച്ചടി, റേഡിയോ, ടി.വി, ഇന്റർനെറ്റ് തുടങ്ങി വിവിധ മാധ്യമങ്ങൾ വഴി മറ്റുള്ളവരിലേക്ക് എത്തിക്കാൻ കഴിയുന്നു. ഇന്ന് വാർത്താവിനിമയ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി ലോകത്തെ മുഴുവൻ ഉള്ളംകയ്യിലെ നെല്ലിക്ക പോലെ നമ്മുടെ കൺമുന്നിലെത്തിക്കുന്നു. അങ്ങനെ ലോകത്തിന്റെ ഏതു കോണിലും എപ്പോൾ നടക്കുന്ന ഏത് കാര്യവും മനുഷ്യന് വാർത്തയായി മാറുന്നു.

**പദനിഷ്പത്തി**

വാർത്തയുടെ മൂലരൂപമായ ന്യൂസ് എന്ന വാക്ക് ഉണ്ടായത് പുതിയത് എന്ന അർത്ഥമുള്ള NEW എന്ന വാക്കിന്റെ ബഹുവചന രൂപമായാണ്. ആദ്യകാലത്ത് അതിന്റെ പദഘടന NEWIS എന്നായിരുന്നു. പിന്നീട് NEWYES എന്നു രൂപം മാറി. 1523 - ൽ NEWES എന്നായ ഈപദം 1550 - ന് ശേഷമാണ് ഇന്നു നമ്മൾ കാണുന്ന NEWS എന്ന രീതിയിലേക്കു മാറിയത്. ഇംഗ്ലീഷിലെ NEWS മലയാളത്തിൽ വാർത്ത എന്നായതോടെ അത് ഒരു മൂല്യവത്തായ വാക്കായി മാറി. വിശാലമായി ചിന്തിച്ചാൽ NEWS എന്ന വാക്കിലെ അക്ഷരങ്ങൾ NORTH, EAST, WEST, SOUTH എന്ന